പത്രക്കുറിപ്പ്

# മയക്ക മരുന്ന് വിൽപ്പന: ഒരാൾ പിടിയിൽ

# യുവതിയെ നഗ്നചിത്രങ്ങൾ കാണിച്ച് ഭീഷണിപ്പെടുത്തിയ പ്രതി പിടിയിൽ

## കോവിഡ് സുരക്ഷാ പരിശോധന ശക്തമായി തുടരുന്നു

## വിലക്ക് ലംഘനം: 940 പേർക്കെതിരെ നിയമനടപടി 3,01,000/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം:- മാരക മയക്കുമരുന്നായ എം.ഡി.എം.എ യും, കഞ്ചാവും, ലഹരി ഗുളികകളും വിൽപ്പന നടത്തിവന്നയാളെ പോലീസ് പിടികൂടിയതായി തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു. ആനയറ കല്ലുംമൂട് സ്വദേശി ആരോമൽ (25) നെയാണ് ഡിസ്ട്രിക്ട് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ് (ഡാൻസാഫ്) ടീമിന്റെ സഹായത്തോടെ പേട്ട പോലീസ് അറസ്റ്റ് ചെയ്തത്. ഇയാളിൽ നിന്നും വിൽപ്പനയ്ക്കായി സൂക്ഷിച്ചിരുന്ന എം.ഡി.എം.എ യും, കഞ്ചാവ് പൊതികളും, നൈട്രോസെപാം ഗുളികകളും പിടിച്ചെടുത്തു.



പേട്ട പോലീസ് അറസ്റ്റ് ചെയ്ത ആരോമൽ (25)

ലഹരി വസ്തുക്കളുടെ കടത്തും വിപണനവും തടയുന്നതിനായി ഡെപ്യൂട്ടി കമ്മീഷണർ ഡോ.വൈഭവ് സക്സേനയുടെ

നിർദ്ദേശാനുസരണം പ്രത്യേക ടീം രൂപികരിച്ച് നടത്തി വരുന്ന അന്വേഷണത്തിലാണ് ഇയാൾ കുടുങ്ങിയത്. നഗരത്തിലെ വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവർക്ക് മയക്കുമരുന്ന് വിൽപ്പന നടത്തിവരുകയായിരുന്ന ഇയാളെ കുറിച്ച് നാർക്കോട്ടിക് സെൽ അസി.കമ്മീഷണർ പ്രദീപ്കുമാറിന് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ ഡാൻസാഫ് ടീം ഇയാളെ ദിവസങ്ങളായി നിരീക്ഷിച്ചു വരികയായിരുന്നു. മയക്കു മരുന്നുകളുമായി പ്രതി ആരോമലിനെ ആനയറ സൂര്യകുളം മുട്ടക്കിൽ നന്നാണ് പിടികൂടിയത്. പേട്ട എസ്.എച്ച്.ഒ സുധിലാൽ, എസ്.ഐ നിയാസ്, ഡാൻസാഫ് എസ്.ഐ ഗോപകുമാർ, ടീം അംഗങ്ങളായ സജി, വിനോദ്, രഞ്ജിത്, അരുൺ, ഷിബു, നാജിബഷീർ, ചിന്നു എന്നിവരടങ്ങിയ പോലീസ് സംഘമാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്.

## യുവതിയെ നഗ്നചിത്രങ്ങൾ കാണിച്ച് ഭീഷണിപ്പെടുത്തിയ പ്രതി പിടിയിൽ

തിരുവനന്തപുരം: നഗ്നചിത്രങ്ങൾ കാണിച്ച് യുവതിയെ ഭീഷണിപ്പെടുത്തിയ പ്രതിയെ പോലീസ് പിടികൂടിയതായി തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു. വെങ്ങാനൂർ പനങ്ങോട് അംബേദ്കർ ഗ്രാമത്തിൽ താമസക്കാരനായ ജീവ എന്ന് വിളിക്കുന്ന സക്കീർ (36)- നെ യാണ് കോവളം പോലീസ് അറസ്റ്റ് ചെയ്തത്.

തിരുവനന്തപുരം സ്വദേശിയായ യുവതിയെ പ്രതി ജീവ എന്ന പേരിൽ ഫെയ്സ് ബുക്ക് വഴി സൗഹൃദം സ്ഥാപിച്ചശേഷം കോവളത്തുള്ള ഒരു ഹോട്ടലിൽ

കൊണ്ടുപോയി മദ്യം നൽകി മയക്കിയതിനു ശേഷം ബലാൽസംഗം ചെയ്യാൻ ശ്രമിക്കുകയും യുവതിയുടെ ഫോട്ടോകൾ എടുക്കുകയും ചെയ്തു. പിന്നീട് ഈ ഫോട്ടോകൾ യുവതിയുടെ വാട്സ് ആപ്പിൽ അയച്ച് നിരന്തരം ഭീഷണിപ്പെടുത്തി വരികയായിരുന്നു. യുവതി നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് നടത്തിയ അന്വേഷണത്തിലാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. കോവളം എസ്.എച്ച്.ഒ ബ്രുപേഷ് രാജ്, എസ്.ഐ-മാരായ ഗംഗാപ്രസാദ്, മണികണ്ഠനാശാരി, എ.എസ്.ഐ ശ്രീകുമാർ, സി.പി.ഒ-മാരായ ശ്രീകാന്ത്, അരുൺ, ഷിജു, ഷൈജു, ശ്യാം കൃഷ്ണ എന്നിവരടങ്ങിയ പോലീസ് സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.


കോവളം പോലീസ് അറസ്റ്റ് ചെയ്ത സക്കീർ (36)

## കോവിഡ് സുരക്ഷാ കേസ് വിവരം

കോവിഡ് രോഗവ്യപാനം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ സുരക്ഷാ പരിശോധന പോലീസ് ശക്തമായി തുടരുന്നു. തിരുവനന്തപുരം നഗരത്തിൽ പോലീസ് ഇന്നലെ (18-04-2021) നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 940 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 338 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-

2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 602 പേരിൽ നിന്നും 3,01,000/- രൂപ പിഴ ഈടാക്കി. കൂടാതെ ശരിയായ രീതിയിൽ സുരക്ഷാ മുൻകരുതൽ എടുക്കാത്ത 1171 പേർക്ക് താക്കീത് നൽകി വിട്ടയച്ചിട്ടുള്ളതുമാണ്.

തിരുവനന്തപുരം സിറ്റി
18-04-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി